LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പുതിയ പദ്ധതികൾ

197 (4585) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൻകീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ സഹായ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

വകുപ്പ് വിഭജനത്തിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും പദ്ധതികൾ വനിതാ ശിശുവികസന വകുപ്പാണ് നടപ്പിലാക്കുന്നത്.

(ബി) പ്രായമായവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്വാസം നൽകാനും എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

1. സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും ഒറ്റപ്പെട്ടുപോയവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോടെ 2021-22 സാമ്പത്തിക വർഷം 'വയോരക്ഷ' എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. 80 വയസ്സിന് മുകളിൽ പ്രായമായവരുടേയും അൽഷിമേഴ്സ് രോഗികളുടെയും പരിചരണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ഡിമെൻഷ്യാകെയർ സെന്റർ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

3. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ ശാരീരികവും മാനസികവും സാമൂഹികവുമായ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ സംരക്ഷണം മുൻനിർത്തി 'സായംപ്രഭാ ഹോം പകൽ വീട് പദ്ധതി' പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെയർ ഗിവർമാരുടെ സേവനം കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് ഭക്ഷണം നല്കൽ, യോഗ മെഡിറ്റേഷൻ, ടെലി കൗൺസിലിംഗ്, മെഡിസിൻ വിതരണം, വിനോദോപാധികൾ തുടങ്ങി പലവിധ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് നല്കുവാൻ നടപ്പുവർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

4. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് ഭക്ഷ്യകിറ്റ് അനുവദിച്ചുവരുന്നു.

5. വയോജനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഹെല്പ് ലൈൻ ക്രമീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു.

6. വയോജന മേഖലയിലെ സന്നദ്ധ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന സംഘടനയ്ക്ക് അവാർഡ് നല്കുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

വയോധികരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

198 (4586) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോധികരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) കോവിഡ് മഹാമാരിയും റിവേഴ്സ് ലോക്ക്ഡൗണും കാരണം വീടുകളിൽനിന്നും പുറത്തിറങ്ങാനാകാത്ത സാഹചര്യത്തിൽ വയോധികരുടെ ആരോഗ്യം സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ഗ്രാന്റ് കെയർ പദ്ധതി: സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കൊവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിലുള്ള വയോജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കുന്നതിന് വയോജന സെല്ലിനോട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly